(ബി) ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള നിയമന ത്തിൽ ഡിഗ്രിക്കാർ, ഡിപ്ലോമക്കാർ, സർട്ടിഫിക്കറ്റുകാർ എന്നിവർക്ക് യഥാ ക്രമം 6:3:1 എന്ന റേഷ്യോ നിലവിലുണ്ട്. ഇപ്രകാരം നേരിട്ടു നിയമനം നടത്തു മ്പോൾ 60%ൽപ്പെട്ട 54% പേർ ഡിഗ്രിക്കാരും ബാക്കി 6% പേർ എഞ്ചിനീയ റിംഗ് ഡിഗ്രി നേടിയിട്ടുള്ള ഡിപ്ലോമക്കാർ ആയിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രൊമോഷനിൽ ഡിഗ്രിക്കാരും ഡിപ്ലോമാക്കാരും തമ്മിൽ യഥാക്രമം 3:1 എന്ന റേഷ്യോ പാലിക്കുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രൊമോഷനിൽ ഡിഗ്രിക്കാരും ഡിപ്ലോമക്കാരും തമ്മിൽ 95:5 എന്ന റേഷ്യോ പാലിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന റേഷ്യോ പ്രകാരമാണ് നിയമനവും ഉദ്യോ ഗക്കയറ്റവും നടത്തുന്നത്.

19 (3258) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ക്രമക്കേടുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ക്രമക്കേടുക മായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടി ട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ക്രമക്കേട് നടന്നതായി പ്രാഥമിക അന്വേഷ ണത്തിൽ തെളിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ ക്രമക്കേടുകൾക്ക് കാരണക്കാരായ ഉദ്യോഗസ്ഥർക്കു മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) വിജിലൻസ് വകുപ്പിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

190 (3261) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനുള്ള ഗ്രാന്റ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സങ്കേതിക മ്യൂസിയം സർക്കാർ സ്ഥാപനമാണോ;

(ബി) ഈ സ്ഥാപനത്തിന് ഇക്കഴിഞ്ഞ വർഷം സർക്കാർ എത്ര രൂപ ഗ്രാന്റ് നൽകിയിട്ടുണ്ട്;

(സി) മ്യൂസിയത്തിൽ മൊബൈൽ എക്സിബിഷനുവേണ്ടി ബസ്സ് വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിന് എത്ര രൂപ ചെലവായി;

(ഡി) ബസ്സിന്റെ ഡിസൈനിൽവന്ന പാകപ്പിഴ കാരണം മഴവെള്ളം അകത്തു വീഴുന്നതായി പരാതി കിട്ടിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആയതിനെ സംബന്ധിച്ച് അന്വേഷണം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly